പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 370 07.01.2014-ൽ മറുപടിയ്ക്ക്

# കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കൂടംകുളം ആണവവൈദ്യുതി നിലയത്തിൽ നിന്നുള്ള വൈദ്യുതി കേരളത്തിന് ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് ഇത് ലഭിച്ചു തുടങ്ങിയത് ; എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കൂടംകുളം നിലയത്തിലെ 1000 മെഗാവാട്ടിന്റെ ഒന്നാം നമ്പർ റിയാക്ടർ 2013 ഒക്ടോബർ 22ന് പരീക്ഷണാർത്ഥം പ്രവർത്തനക്ഷമമായി. എന്നിരുന്നാലും സുരക്ഷാ പരിശോധനയ്ക്കും മറ്റുമായി നിലയം ഇടയ്ക്ക് പ്രവർത്തനം നിർത്തിവയ്ക്കുന്നുണ്ട്. പൂർണ്ണമായി വാണിജ്യാടിസ്ഥാനത്തിൽ ഉത്പ്പാദനം ആരംഭിക്കുന്നതുവരെ ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതി അൺഷെഡ്യൂൾഡ് ഇൻറർചേഞ്ച് ആയാണ് കണക്കാക്കപ്പെടുന്നത്. അപ്രകാരം 2013 നവംബർ 30 വരെ 17.62 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടംകുളത്തു നിന്നും കേരളത്തിനു ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ വൈദ്യുതിക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ; | (ബി) കൂടംകുളം വൈദ്യുതിയ്ക്കുള്ള നിരക്ക് ഡിപ്പാർട്ട്മെൻറ് ഓഫ് അറ്റോമിക് എനർജി (Department of Atomic Energy - DAE) ആണ് പ്രസിദ്ധപ്പെടുത്തേണ്ടത്. കമേഴ്സ്യൽ ഓപ്പറേഷൻ (COD) ആകാത്തതിനാൽ DAE നിരക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. കമേഴ്സ്യൽ ഓപ്പറേഷൻ തുടങ്ങുന്നതുവരെ നിലയത്തിൽ നിന്നുള്ള വൈദ്യുതി Unscheduled Interchange (UI) മുഖേനയാണ് ലഭിക്കുന്നത്. |
| (സി) കൂടംകുളം ആണവ നിലയത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കൊണ്ടുവരുന്ന ലൈൻ ഏതെന്ന് വ്യക്തമാക്കുമോ ; | (സി) കൂടംകുളത്തു നിന്നുള്ള വൈദ്യുതി പ്രസരണം നടത്തുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ ഇടമൺ-കൊച്ചി ഈസ്റ്റ് (പള്ളിക്കര) വഴി മാടക്കത്തറ വരെ 400 കെ. വി. ലൈൻ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) തിരുനെൽവേലി-ഇടമൺ-കൊച്ചി വൈദ്യുതി ലൈനിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ലൈൻ നിർമ്മാണത്തിൽ ഇപ്പോൾ എവിടെയാണ് തടസ്സം | (ഡി) ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പവർ ഗ്രിഡ് കോർപ്പറേഷൻ (PGCIL) ആണ് നടപ്പിലാക്കുന്നത്. <br> തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും, കൊച്ചി ഈസ്റ്റ് (പള്ളി |

എന്നറിയിക്കുമോ ; തടസ്സത്തിന് കാരണമെന്തെന്ന് വിശദമാക്കുമോ ;

ക്കര) മുതൽ മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും പള്ളിക്കരയിൽ 400 കെ. വി സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കര വരെയുള്ള ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ ടി ലൈൻ റൂട്ടിലുള്ള കർഷകരുടെ എതിർപ്പു കാരണം തടസ്സപ്പെട്ടിരിക്കുകയാണ്.

(ഇ) നിർമ്മാണത്തിലെ തടസ്സം നീക്കാൻ പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത ലൈനിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ?

(ഇ) & (എഫ്) റൈറ്റ് ഓഫ് വേ (Right of way) പ്രശ്നങ്ങളും, കർഷകരുടെ പ്രതിഷേധവും മൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന ഇടമൺ - കൊച്ചി സെക്ടറിൽ ഭൂവുടമകൾക്ക് അനുവദിക്കാവുന്ന പ്രത്യേക നഷ്ട പരിഹാര പാക്കേജ് സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളും, ആക്ഷൻ കൗൺസിൽ പ്രതിനിധികളുമായി സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തി വരികയാണ്. ഇക്കാര്യത്തിൽ ഉടൻതന്നെ അന്തിമ തീരുമാനം കൈക്കൊള്ളാനും നിർമ്മാണ പ്രവർത്തനങ്ങൾ പുന:രാരംഭിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ.**